പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

അനാഥശാലകളിലെ അന്തേവാസികളെ ബി.പി.എൽ ലിസ്റ്റിൽഉൾപ്പെടുത്താൻ നടപടി

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3244

29.01.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>,, ഐ. സി. ബാലകൃഷ്ണൻ<br>,, ആർ. സെൽവരാജ്<br>,, എം. പി. വിൻസെന്റ് | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ബി.പി.എൽ. പട്ടികയിൽ അനാഥശാലകളിലെ അന്തേവാസികളെ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. 18.08.2012-ലെ സ.ഉ.(കൈ) നം.224/2012/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ള സ്ഥാപനങ്ങളിലെ അന്തേവാസികളെ കൂടി ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതാണ് എന്ന അധിക മാനദണ്ഡം ദാരിദ്ര്യരേഖാ ലിസ്റ്റ് തയ്യാറാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | പൊതു വിതരണത്തിന്റെ ഭാഗമായി അരി, പഞ്ചസാര, ഗോതമ്പ് എന്നിവ നൽകുന്നതുൾപ്പെടെ മറ്റ് ബി.പി.എൽ ആനുകൂല്യങ്ങൾ ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ള സ്ഥാപനങ്ങൾക്ക് കൂടി ലഭ്യമാക്കുക എന്നതാണ് ഉദ്ദേശ്യം. |
| (സി) | അനാഥശാലകളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് ഇത് എത്രമാത്രം സഹായകരമാകും എന്നാണ് കരുതുന്നത്; വിശദമാക്കുമോ; | (സി) | 'ബി'യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| (ഡി) | ഇത് സംബന്ധിച്ച് തദ്ദേശസ്വയം ഭരണ വകുപ്പ് ഉത്തരവിറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | 'എ'യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ